## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2981 | | 13.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ശുചിത്വമാലിന്യ സംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ശുചിത്വമാലിന്യ സംസ്കരണ ദൗത്യത്തിന്റെ ഭാഗമായി ജൈവ,അജൈവ മാലിന്യ സംസ്കരണത്തിന് അവലംബിക്കുന്ന രീതികളും അതിനുള്ള സഹായക സംവിധാനങ്ങളും ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കിച്ചൻബിൻ, മൺകലം കമ്പോസ്റ്റ്, എയറോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിക്കപ്പെടുന്നതിനും, തദ്ദേശഭരണസ്ഥാപനതലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിക്കുകയും അവിടെ നിന്നും പുന:ചംക്രമണ, പുനരുപയോഗ വിധേയമാക്കാവുന്നവ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് രണ്ടാംതരംതിരിവ് നടത്തി ക്ലീൻ കേരള കമ്പനി വഴി പുന:ചംക്രമണത്തിന് കൈമാറുന്നതിനും പുന:ചംക്രമണ വിധേയമാക്കാൻ കഴിയാത്തവ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിങ്ങിന് വിധേയമാക്കുവാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. ഈ പ്രവർത്തനത്തെ സഹായിക്കുന്നതിലേക്ക് വേണ്ടസാങ്കേതിക പിന്തുണ ശുചിത്വ മിഷൻ മുഖേനയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചും നിർവഹണ പ്രക്രിയയെ സഹായിക്കുംവിധം സർവീസ് പ്രൊവൈഡർമാരെയും അക്രഡിറ്റഡ് ഏജൻസികളെയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് നൽകിവരുന്നുണ്ട്. |
| (ബി) | അജൈവ മാലിന്യത്തെ സംസ്കരണ സംവിധാനത്തിലേക്ക് എത്തിക്കുന്നതിനും വ്യാപാര ബന്ധം ഉണ്ടാക്കുന്നതിനുമായി ക്ലീൻ കേരള എന്ന പേരിൽ കമ്പനി സ്ഥാപിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നും ആയതിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ? | (സി) | തദ്ദേശഭരണ സ്ഥാപനം സ്ഥാപിക്കുന്ന അജൈവമാലിന്യ സംഭരണകേന്ദ്രങ്ങളിൽ നിന്നും കൈമാറുന്ന അജൈവമാലിന്യങ്ങളുടെ സൂക്ഷിപ്പിനും രണ്ടാംഘട്ട തരംതിരിവ് നടത്തി പുന:ചക്രമണം ചെയ്യാവുന്നവ വേണ്ടവിധം സംസ്കരിച്ച് അന്തിമ ഉപഭോക്താവിന് കൈമാറുന്നതിനും ഷ്രെഡിങ്ങും ബെയിലിംഗും അടക്കമുള്ള പ്രവർത്തനങ്ങൾക്കും സംസ്കരിക്കുവാനോ പുനരുപയോഗത്തിനോ സാധ്യതയില്ലാത്തവ സംസ്ഥാനത്തിനകത്തോ പുറത്തോ ഉള്ള ഏജൻസിക്കും കൈമാറുന്നതിനു വേണ്ടി സ്ഥാപിക്കുന്ന പശ്ചാത്തലസൗകര്യമാണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF). ആയതിന്റെ നടത്തിപ്പ് ചുമതല ക്ലീൻ കേരള കമ്പനിക്കാണ്. |

സെക്ഷൻ ഓഫീസർ